# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1.) ലോകത്തിൻറെ ഭാവി രൂപപ്പെടുത്തുന്നതിലും സുരക്ഷിതമാക്കുന്നതിലും ഇന്ത്യയുടെ പങ്ക് സുപ്രധാനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi says India's role in shaping and securing the future of the world is vital.**

2.) രാജ്യത്ത് ഇലക്ട്രോണിക് വസ്തുക്കളുടെ നിർമ്മാണം, വിതരണ ശൃംഖല എന്നിവ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ട് 22,000 കോടി രൂപയുടെ പദ്ധതിയുമായി കേന്ദ്ര സർക്കാർ.

**The central government has come up with a Rs 22,000 crore scheme to strengthen the manufacturing and distribution network of electronic goods in the country.**

3.) ന്യൂനപക്ഷങ്ങളോടുള്ള പാകിസ്ഥാൻ സർക്കാരിൻറെ സമീപനം ഇന്ത്യ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ.

**India is closely monitoring the approach of the Pakistan government towards minorities, says External Affairs Minister S. Jaishankar.**

4.) മ്യാൻമാറിലും തായ്‌ലൻഡിലും വൻ ഭൂചലനം. നിരവധി കെട്ടിടങ്ങളും, റോഡുകളും തകർന്നു; നൂറോളം പേരെ കാണാനില്ല.

**Major earthquakes in Myanmar and Thailand. Many buildings and roads collapsed; About a hundred people are missing.**

5.) കേരളത്തിൽ സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി ശക്തിപ്പെടുത്താൻ കർമ പദ്ധതി രൂപീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ; ലഹരി വിരുദ്ധ ക്യാംപയിന് കേഡറ്റുകളെ ഉപയോഗിക്കാനും നിർദ്ദേശം.

**Chief Minister Pinarayi Vijayan says that an action plan will be formed to strengthen the Student Police Cadet Scheme in Kerala; also directed to use cadets for anti-drug campaign.**

6.) ഐ പി എൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സ് - റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ പോരാട്ടം.

**Chennai Super Kings - Royal Challengers Bangalore battle in IPL cricket.**

&&&&&&&&&&&&&&&&&&&&&&&&&&&

## PM – TV9 EARLY (intro)

ലോകത്തിൻറെ ഭാവി രൂപപ്പെടുത്തുന്നതിലും സുരക്ഷിതമാക്കുന്നതിലും ഇന്ത്യയുടെ പങ്ക് സുപ്രധാനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തിൻറെ വിദേശനയത്തിൻറെ മന്ത്രം ഇന്ത്യ ഒന്നാം സ്ഥാനത്ത് എന്നാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യൻ യുവത നൈപുണ്യ ശേഷിയുള്ളവരായി മാറുകയാണെന്നും അവർ നവീനാശയങ്ങൾ മുന്നോട്ട് വയ്ക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

(ഹോൾഡ് വോയിസ്)

വെറും 10 വർഷത്തിനുള്ളിൽ മൊത്ത ആഭ്യന്തര ഉത്പാദനം ഇരട്ടിയാക്കിയ ലോകത്തിലെ ഏക സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യ എന്ന് ഐഎംഎഫ് പറഞ്ഞതായും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&

## PM THAILAND SRI LANKA VISIT

ആറാമത് ബിംസ്റ്റെക് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി അടുത്ത മാസം മൂന്നിന് രണ്ട് ദിവസത്തെ തായ്‌ലൻഡ് സന്ദർശനം നടത്തും. പ്രധാനമന്ത്രിയുടെ മൂന്നാമത്തെ തായ്‌ലൻഡ് സന്ദർശനമാണിത്. ആസിയാനിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയും, ഇന്ത്യയുടെ നാലാമത്തെ വലിയ വ്യാപാര പങ്കാളിയുമാണ് തായ്‌ലൻഡ്.

&&&&&&&&&&&&&&

## PM – MAHA, CG

പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റന്നാൾ മഹാരാഷ്ട്ര, ഛത്തീസ്ഗഡ് സംസ്ഥാനങ്ങൾ സന്ദർശിക്കും. മഹാരാഷ്ട്രയിലെ നാഗ്പൂരിലെ സ്മൃതി മന്ദിരം അദ്ദേഹം സന്ദർശിക്കും. തുടർന്ന് ദീക്ഷ ഭൂമിയിലെത്തുന്ന അദ്ദേഹം നാഗ്പൂരിലെ മാധവ് നേത്രാലയ പ്രീമിയം സെൻററിൻറെ ശിലാസ്ഥാപനം നിർവഹിക്കും.

ഛത്തീസ്ഗഢിലെ ബിലാസ്പൂരിൽ 33,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികളും പ്രധനമന്ത്രി നാടിനു സമർപ്പിക്കും.

&&&&&&&&&&&&&&

## CABINET BRIEFING-1

രാജ്യത്ത് ഇലക്ട്രോണിക് വസ്തുക്കളുടെ നിർമ്മാണം, വിതരണ ശൃംഖല എന്നിവ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ട് 22,000 കോടി രൂപയുടെ ഇലക്ട്രോണിക്സ് ഘടക വസ്തു നിർമ്മാണ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയാതായി വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. കഴിഞ്ഞ പത്ത് വർഷത്തിനിടെ ഇലക്ട്രോണിക്സ് മേഖല വൻ വളർച്ച കൈവരിച്ചതായും ഉൽപ്പാദനം അഞ്ച് മടങ്ങ് വളർന്നതായും അദ്ദേഹം അറിയിച്ചു. പുതിയ പദ്ധതി 91,000-ത്തിലധികം പേർക്ക് നേരിട്ടും നിരവധി പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&

## CABINET BRIEFING-2 (INTRO)

കർഷകർക്ക് താങ്ങാനാവുന്നതും സബ്സിഡിയുള്ളതുമായ വളങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി ഫോസ്ഫറ്റിക്, പൊട്ടാസ്യം വളങ്ങൾക്ക് സബ്സിഡി നിരക്കുകൾ അംഗീകരിച്ചതായും കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(ഹോൾഡ് ഫോർ വോയ്സ്)

കേന്ദ്ര സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും രണ്ട് ശതമാനം ക്ഷാമബത്ത അനുവദിച്ചതായും ശ്രീ വൈഷ്ണവ് പറഞ്ഞു. ഈ വർഷം ജനുവരി ഒന്നു മുതൽ ഇത് പ്രാബല്യത്തിൽ വരും.

&&&&&&&&&&&&&&

## EARTHQUAKE

മ്യാൻമാറിലും തായ്‌ലൻഡിലും വൻ ഭൂചലനം. റിക്ടർ സ്കെയിലിൽ 7.7 ഉം 6.4 ഉം തീവ്രത രേഖപ്പെടുത്തിയ തുടർച്ചയായ ഭൂകമ്പങ്ങളിൽ വ്യാപക നാശനഷ്ടങ്ങൾ രേഖപ്പെടുത്തി. ഒട്ടേറെ കെട്ടിടങ്ങളും, റോഡുകളും തകർന്നു. നിരവധി പേർ മരിച്ചതായാണ് മാധ്യമ റിപ്പോർട്ടുകൾ. മ്യാൻമറിലെ ആറ്

മേഖലകളിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. നൂറോളം പേരെ കാണാനില്ലെന്ന് അധികൃതർ വ്യക്തമാക്കി. മ്യാൻമറിലെ മണ്ടാലേയിലെ പ്രശസ്തമായ അവാ പാലം ഇറവാഡി നദിയിലേക്ക് തകർന്നു വീണു. ഇന്ത്യക്കാർ അപകടത്തിൽപ്പെട്ടതായി ഇതുവരെ വിവരം ലഭിച്ചിട്ടില്ലെന്നും, സ്ഥിതിഗതികൾ നിരീക്ഷിച്ച് വരികയാണെന്നും ഇന്ത്യൻ എംബസ്സി അറിയിച്ചു.

&&&&&&&&&&&&&&

## PM EARTHQUAKE MYANMAR

മ്യാൻമറിലും തായ്‌ലൻഡിലും ഉണ്ടായ ഭൂകമ്പത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ആശങ്ക പ്രകടിപ്പിച്ചു. ഇരു രാജ്യങ്ങളിലെയും പൗരന്മാരുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും വേണ്ടി പ്രാർത്ഥിക്കുന്നുവെന്നും സാധ്യമായ എല്ലാ സഹായവും ഇന്ത്യ വാഗ്ദാനം ചെയ്യുന്നു എന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&

## SC–YASHWANT

ഡൽഹി ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് യശ്വന്ത് വർമ്മയുടെ ബംഗ്ലാവിൽ വൻതോതിൽ പണം കത്തിനശിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ പോലീസ് അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജി സുപ്രീം കോടതി തള്ളി. ജസ്റ്റിസുമാരായ അഭയ് എസ്. ഓക്ക , ഉജ്ജൽ ഭൂയാൻ എന്നിവരടങ്ങിയ ബെഞ്ച് ആണ് കേസ് പരിഗണിച്ചത്. നിലവിൽ കേസിൽ കോടതിയുടെ ആഭ്യന്തര അന്വേഷണം പുരോഗമിക്കുകയാണെന്നും റിപ്പോർട്ട് വന്നതിനു ശേഷം തുടർനടപടികൾ സ്വീകരിക്കാമെന്നും ഹർജി തള്ളി കൊണ്ട് കോടതി പറഞ്ഞു.

&&&&&&&&&&&&&&

## IPL CRICKET

ഐ പി എൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സ് – റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ പോരാട്ടം. ചെന്നൈ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം. ടോസ് നേടിയ ചെന്നൈ സൂപ്പർ കിംഗ്സ് ബൗളിങ് തിരഞ്ഞെടുത്തു.

&&&&&&&&&&&&&&

## ISL

ഐ.എസ്.എൽ ഫുട്ബോൾ പ്ലേ ഓഫ് മത്സരങ്ങൾക്ക് നാളെ തുടക്കം. രാത്രി 7.30 ന് നടക്കുന്ന ആദ്യ പ്ലേ ഓഫിൽ ബെംഗളൂരു, മുംബൈ സിറ്റിയെ നേരിടും. അടുത്തമാസം 12 നാണ് ഫൈനൽ.

&&&&&&&&&&&&&&

## LS JAISHANKAR (INTRO)

ന്യൂനപക്ഷങ്ങളോടുള്ള പാകിസ്ഥാൻ സർക്കാരിൻറെ സമീപനം ഇന്ത്യ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ജനാധിപത്യ മൂല്യങ്ങളുടെ വ്യവസ്ഥാപിതമായ അടിച്ചമർത്തൽ, മനുഷ്യാവകാശ ലംഘനങ്ങൾ എന്നിവ രാജ്യനയമായി കൊണ്ടുനടക്കുകയാണ് പാകിസ്ഥാൻ എന്ന്, യുഎൻ മനുഷ്യാവകാശ കൗൺസിലിൽ ഇന്ത്യ ചൂണ്ടിക്കാട്ടിയതായും അദ്ദേഹം ലോക്സഭയിൽ പറഞ്ഞു. ഫെബ്രുവരിയിൽ പാകിസ്ഥാനിൽ ഹിന്ദു സമൂഹത്തിനെതിരെ 10 അതിക്രമ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഹോൾഡ് വോയിസ്)

2024-ൽ ബംഗ്ളാദേശിൽ ന്യൂനപക്ഷങ്ങൾക്കെതിരെ രണ്ടായിരത്തി 400 സംഭവങ്ങളും, 2025-ൽ 72 സംഭവങ്ങളും ഉണ്ടായതായി കേന്ദ്ര മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&

## STUDENTS POLICE CADETS

ലഹരി വിരുദ്ധ ക്യാംപയിന് സ്റ്റുഡൻറ് പോലീസ് കേഡറ്റുകളെ ഉപയോഗിക്കാനാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലഹരിക്കെതിരെയുള്ള സ്കൂൾതല പരിശീലകരായി പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരുടെ സേവനം അതത് സ്ഥലത്ത് ലഭ്യമാക്കണം. സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി

ശക്തിപ്പെടുത്തുന്നതിന് കർമ്മ പദ്ധതി വികസിപ്പിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. തീരദേശ, പിന്നോക്ക മേഖലകളിലെ സ്കൂളുകൾക്ക് പദ്ധതിയിൽ മുൻഗണന നൽകണമെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&

## RBI-ATM-CHARGES

എടിഎമ്മിൽ നിന്നും പണം പിൻവലിക്കുന്നതിനുള്ള ചാർജിൽ രണ്ട് രൂപ വർധന വരുത്താൻ ബാങ്കുകൾക്ക് റിസർവ് ബാങ്ക് അനുമതി നൽകി. അക്കൗണ്ടുള്ള ബാങ്കിൻറെ എടിഎമ്മിൽ നിന്നും പ്രതിമാസം നടത്തുന്ന അഞ്ച് സൗജന്യ ഇടപാടുകൾക്ക് പുറമെയുള്ളതിനാണ് ചാർജ് വർധന ബാധകമാകുന്നത്. മേയ് ഒന്നിന് ഇത് പ്രാബല്യത്തിൽ വരും. സൗജന്യ ഇടപാടുകളിൽ കവിഞ്ഞുള്ള ഓരോ ഇടപാടിനും ഇനി മുതൽ പരമാവധി 23 രൂപ ഫീസ് ഈടാക്കാം. നിലവിൽ ഇത് 21 രൂപയായിരുന്നു.

&&&&&&&&&&&&&&

## LS - CARIAGE BILL

കടൽ വഴിയുള്ള ചരക്കു ഗതാഗതക്കിനായുള്ള ബിൽ ലോക്സഭ പാസ്സാക്കി. 1925-ലെ ബില്ലിന് പകരമാണ് പുതിയ ബിൽ കൊണ്ടുവന്നത്. കൊണ്ടുപോകുന്ന സാധനങ്ങൾ, അളവ്, അവസ്ഥ, ലക്ഷ്യസ്ഥാനം തുടങ്ങിയ വിശദാംശങ്ങൾ വ്യക്തമാക്കുന്നത് നിർബന്ധമാക്കിയതായി ബില്ലിനെക്കുറിച്ചുള്ള ചർച്ചയ്ക്ക് മറുപടിയായി കേന്ദ്ര-തുറമുഖ ഷിപ്പിങ് മന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു. നടപടിക്രമങ്ങൾ പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

&&&&&&&&&&&&&&

## AGNI

സംസ്ഥാനങ്ങളിലെ അഗ്നിശമന സേവനങ്ങളുടെ വിപുലീകരണവും ആധുനികവത്ക്കരണവും" എന്ന പദ്ധതി പ്രകാരം കേരളം ഉൾപ്പടെ അഞ്ച് സംസ്ഥാനങ്ങൾക്കുള്ള 1,604.39 കോടി രൂപയുടെ പദ്ധതികൾക്ക് ശ്രീ അമിത് ഷായുടെ അധ്യക്ഷതയിൽ ചേർന്ന

ഉന്നതതല സമിതി അംഗീകാരം നൽകി. കേരളത്തിന് 162.25 കോടി രൂപയാണ് അനുവദിച്ചത്.

&&&&&&&&&&&&&&

## LS NADDA PMJAY

ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പ്രകാരം ഈ വർഷം മാർച്ച് ഒന്നു വരെ 1.26 ലക്ഷം കോടി രൂപയുടെ ചികിത്സ ലഭ്യമാക്കിയിട്ടുണ്ടെന്ന് ആരോഗ്യമന്ത്രി ജെ പി നഡ്ഡ ലോക്സഭയിൽ പറഞ്ഞു. ആശാ പ്രവർത്തകർക്കായി ഇതുവരെ 10 ലക്ഷത്തിലധികം ആയുഷ്മാൻ കാർഡുകളും അങ്കണവാടി ജീവനക്കാർക്കായി 14.47 ലക്ഷം കാർഡുകളും നൽകിയിട്ടുണ്ടെന്നും ശ്രീ നഡ്ഡ പറഞ്ഞു. 30,957 ആശുപത്രികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&

## SARASWATI SAMMAN-SANSKRIT

പ്രശസ്ത സംസ്കൃത പണ്ഡിതനായ മഹാ മഹോപാധ്യായ സാധു ഭദ്രേഷ്ദാസിന് 2024 ലെ സരസ്വതി സമ്മാൻ നൽകും. സ്വാമിനാരായണ സിദ്ധാന്ത സുധ എന്ന കൃതിക്കാണ് പുരസ്കാരം. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഒരു ഇന്ത്യൻ പൗരൻ ഏതെങ്കിലും ഇന്ത്യൻ ഭാഷയിൽ എഴുതിയ സാഹിത്യ കൃതിക്കാണ് എല്ലാ വർഷവും പുരസ്കാരം നൽകുന്നത്. പ്രശസ്തി പത്രവും ഫലകവും 15 ലക്ഷം രൂപയും ഉൾപ്പെടുന്നതാണ് പുരസ്കാരം.

&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&